**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം - തിരുവനന്തപുരം ജില്ലയിലെ വെള്ളറട ഗ്രാമപഞ്ചായത്തിലെ പാർട്ട്ടൈം സ്വീപ്പറായിരിക്കെ മരണമടഞ്ഞ സേതുഭായിയുടെ ആശ്രിതയും മകളുമായ ശ്രീമതി. ചിത്രലേഖ.എസ് ആശ്രിത നിയമന പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ പഞ്ചായത്തു വകുപ്പിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(കൈ) നം. **140/2019/തസ്വഭവ.** തീയതി, തിരുവനന്തപുരം,**07/11/2019.**

---

പരാമർശം : 1) ജി.ഒ.(പി) നം. 12/99/പി & എ ആർ.ഡി തീയതി, 24/5/1999.

2) ജി.ഒ.(പി) നം. 14/10/പി & എ ആർ.ഡി തീയതി, 12/04/2010.

3) ശ്രീമതി. ചിത്രലേഖ.എസ് ന്റെ 19.05.2018- ലെ അപേക്ഷ.

4) പഞ്ചായത്ത് ഡയറക്ടറുടെ 08.10.2018 ലെ PAN/23744/2018-E14(DP) നമ്പർ കത്ത്.

5) തിരുവനന്തപുരം ജില്ലാ കളക്ടറുടെ 23/09/2019 ലെ DCTVM/2409/2019-S6 നം.കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ വെള്ളറട ഗ്രാമപഞ്ചായത്തിൽ പാർട്ട്ടൈം സ്വീപ്പറായിരിക്കെ മരണമടഞ്ഞ സേതുഭായിയുടെ മകളും ആശ്രിതയുമായ ശ്രീമതി. ചിത്രലേഖ.എസ് സർവ്വീസിലിരിക്കേ മരണമടഞ്ഞവരുടെ ആശ്രിതർക്കുള്ള സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ മുഖേന അപേക്ഷ സമർപ്പിച്ചു പരേതയായ സേതുഭായിക്ക് 05 വർഷവും 11 മാസവും 02 ദിവസവും സേവനകാലമുണ്ട്.

2. തിരുവനന്തപുരം ജില്ലയിലെ വെള്ളറട ഗ്രാമപഞ്ചായത്തിൽ പാർട്ട്ടൈം സ്വീപ്പറായിരിക്കെ 11.01.2016 ലാണ് സേതുഭായി നിര്യാതയാവുന്നത്. അപേക്ഷകയായ ശ്രീമതി. ചിത്രലേഖ.എസ് പരേതയുടെ മകളാണ്. ടിയാൾ നിശ്ചിത സമയപരിധിയ്ക്കകം അപേക്ഷ നൽകിയിട്ടുണ്ട്. അപേക്ഷകയുടെ ജനനതീയതി 31.05.1973 ആണ്. അപേക്ഷകയ്ക്ക് 46 വയസ്സ് പൂർത്തിയായിട്ടുണ്ട്. അപേക്ഷക എസ്.എൽ.എസി, പരീക്ഷ പാസ്സായിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ നിയമനത്തിനായാണ് ടിയാൾ അപേക്ഷിച്ചിട്ടുള്ളത്. പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷകയ്ക്ക് അർഹതയുണ്ട്.

3. അപേക്ഷയോടൊപ്പം പരേതയായ സേതുഭായിയുടെ മരണസർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ്, സേവന സാക്ഷ്യപത്രം, അപേക്ഷകയുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, അപേക്ഷകയുടെ വരുമാന സർട്ടിഫിക്കറ്റ്, സത്യവാങ്മൂലം, അനന്തരാവകാശ

സർട്ടിഫിക്കറ്റിലെ മറ്റ് അവകാശികളുടെ സമ്മതപത്രം, സംരക്ഷണ സമ്മതമൊഴി തുടങ്ങിയ രേഖകളെല്ലാം സമർപ്പിച്ചിട്ടുണ്ട്. ടിയാളുടെ കുടുംബവാർഷിക വരുമാനം 24,000/-രൂപയാണ്. പഞ്ചായത്ത് ഡയറക്ടറും തിരുവനന്തപുരം ജില്ലാ കളക്ടറും അപേക്ഷ ശിപാർശ ചെയ്തിട്ടുണ്ട്.

4. മേൽ സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലയിലെ വെള്ളറട ഗ്രാമപഞ്ചായത്തിൽ പാർട്ട്ടൈം സ്വീപ്പറായിരിക്കെ മരണമടഞ്ഞ സേതുഭായിയുടെ മകളും ആശ്രിതയുമായ ശ്രീമതി. ചിത്രലേഖ.എസ് (NVS Sadanam,Panchakuzhi, Panachamoodu P.O.,Thiruvananthapuram-695 505) വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് പരാമർശം (1),(2)ലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ളതോ/ ആദ്യം ഉണ്ടാകുന്നതോ ആയ പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

5. മരണമടഞ്ഞ സേതുഭായിയുടെ സേവന പുസ്തകത്തിലും എസ്റ്റാബ്ളിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ പഞ്ചായത്ത് ഡയറക്ടർ നടത്തേണ്ടതാണ്. സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖാന്തിരം നടത്തുന്ന അന്വേഷണത്തിലോ അപേക്ഷ നൽകുന്ന സമയത്തോ തെറ്റായ വിവരം നൽകുകയോ, യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ ടിയാൾക്ക് ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാകുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാതൃ**

**ഗവ. അഡീഷണൽ സെക്രട്ടറി**

ശ്രീമതി. ചിത്രലേഖ.എസ് (NVS Sadanam,Panchakuzhi, Panachamoodu P.O.,Thiruvananthapuram-695 505) (രജിസ്റ്റേഡ് തപാൽ മുഖാന്തിരം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം(അനുബന്ധ രേഖകൾ സഹിതം).
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ജില്ലാ കളക്ടർ, തിരുവനന്തപുരം
സെക്രട്ടറി, വെള്ളറട ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, ഐ.കെ.എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഇപിഎ 3/324/18/തസ്വഭവ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ